FRIDAY 27-08-2021 വെള്ളിയാഴ്ച്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananhapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) – 27/08/2021

1. കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ കുരുവില്ലാത്ത തണ്ണിമത്തൻ ( സ്വർണ്ണ, ഷോണിമ), സാലഡ് കുക്കുമ്പർ (KPCH -1) എന്നിവയുടെ ഹൈബ്രിഡ് വിത്തുകളും കുരുവുള്ള തണ്ണിമത്തൻ (ഷുഗർബേബി), പയർ (ഭാഗ്യലക്ഷ്മി, കാശീകാഞ്ചൻ, അനശ്വര, വൈജയന്തി), വഴുതന (സൂര്യ), വെള്ളരി (സൗഭാഗ്യ), ശീമപ്പയർ, ചീര (അരുൺ) എന്നിവയുടെ നാടൻ വിത്തുകളും വില്പനയ്ക്കുണ്ട്. വില്പന സമയം 9 മുതൽ 4 വരെ. കൂടുതൽ വിവരങ്ങൾക്ക് **9188248481** നമ്പറുമായി ബന്ധപെടുക.

2. വാഴപ്പള്ളി പഞ്ചായത്തിൽ ആട് സാറ്റലൈറ്റ് പദ്ധതി, കറവയന്ത്രം സ്ഥാപിക്കൽ, കൺസർവേഷൻ ഓഫ് ലൈവ്സ്റ്റോക്ക് ബയോവേയ്സ്റ്റ് റ്റു മാന്വർ, താറാവ് വളർത്തൽ, മൃഗസംരക്ഷണ മേഖലയിലെ വായ്പകൾക്കുള്ള സഹായധനം തുടങ്ങി വിവിധ പദ്ധതികളിലേയ്ക്കുള്ള അപേക്ഷകൾ ഈ മാസം 31 ന് വൈകിട്ട് മൂന്നു മണിയ്ക്കു മുൻപായി തുരുത്തി മൃഗാശുപത്രിയിൽ നൽകണമെന്ന് തുരുത്തി വെറ്ററിനറി സർജൻ അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0481-2321244** എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

3. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനിൽ നിന്നും ഉൽപാദിപ്പിക്കുന്ന 45 മുതൽ 60 ദിവസം പ്രായമുളള ബി.വി. 380 ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വാങ്ങുവാൻ **9495000923** എന്ന നമ്പരിൽ ബന്ധപ്പെടുക.

4. ഫാം ഇൻഫർമേഷൻ ബ്യൂറോ ഡിജിറ്റൽ വീഡിയോ മത്സരം 2021 അമച്വർ വിഭാഗം, ഡിജിറ്റൽ വീഡിയോ മത്സരം (ടി.വി. ചാനൽ) വിഭാഗം, ഡിജിറ്റൽ ഫോട്ടോഗ്രഫി മത്സരം, കാർഷിക ലേഖന രചനാ മത്സരം, കാർഷിക ചെറുകഥ രചനാ മത്സരം എന്നിവയിലേക്ക് എൻട്രികൾ ക്ഷണിക്കുന്നു. എൻട്രികൾ എഡിറ്റർ, കേരളകർഷകൻ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ തിരുവനന്തപുരം-3 എന്ന മേൽവിലാസത്തിൽ ഹാർഡ് ഡിസ്ക്, പെൻഡ്രൈവ് എന്നിവ വഴി നേരിട്ടോ fibshortfilmcontest@gmail.com എന്ന ഇ-മെയിലിലോ, **6238039997** എന്ന വാട്ട്സാപ്പ് നമ്പരിലോ

അയയ്ക്കേണ്ടതാണ്. എൻട്രികൾ അയയ്ക്കേണ്ട അവസാന തീയതി **സെപ്റ്റംബർ 30.** കൂടുതൽ വിവരങ്ങൾക്ക് **0471-2314358, 6238039997** എന്ന നമ്പരിൽ ബന്ധപ്പെടുക.

5. കോട്ടയം ജില്ലയിലെ മണർകാട് പ്രാദേശിക കോഴിവളർത്തൽ കേന്ദ്രത്തിൽ എല്ലാ ആഴ്ചകളിലും ചൊവ്വ, വെള്ളി ദിവസങ്ങളിൽ ഒരു ദിവസം പ്രായമായ ഗ്രാമശ്രീ പൂവൻ കോഴിക്കുഞ്ഞുങ്ങൾ ഒന്നിന് 10 രൂപ നിരക്കിൽ വിതരണം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക് **0481-2373710** എന്ന നമ്പരിൽ ബന്ധപ്പെടുക.

6. മണ്ണു പര്യവേക്ഷണ മണ്ണു സംരക്ഷണ വകുപ്പിന്റെ ചടയമംഗലം നീർത്തട വികസന പരിപാലന പരിശീലന കേന്ദ്രത്തിൽ ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ 2021 വർഷത്തേക്കുള്ള **വാട്ടർഷെഡ് മാനേജ്മെന്റിലുള്ള** ഒരു വർഷ ഡിപ്ലോമ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ ഈ മാസം 31-ന് മുമ്പായി http://www.ignou.ac.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക. **0471-2476020, 0474-2475051, 9446446632, 9567305895, 0471 2339899.**

## പരിശീലന പരിപാടികൾ

7. കേരള കാർഷിക സർവകലാശാല മണ്ണുത്തി സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (27.08.2021) **മഴമറയിലെ പച്ചക്കറി കൃഷി** എന്നീ വിഷയങ്ങളിൽ ഉച്ചക്ക് 2 മണി മുതൽ ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. https://forms.gle/nW6TwVR6Sx7TEdyA7 എന്ന ലിങ്കിലൂടെ പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **8111844463** എന്ന വാട്ട്സാപ്പ് നമ്പരിൽ ബന്ധപ്പെടുക.

8. സ്റ്റേറ്റ് അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രയിനിംങ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ (SAMETI) ആഭിമുഖ്യത്തിൽ ഇന്ന് (27.08.2021) രാവിലെ 11 മണി മുതൽ **പാഷൻ ഫ്രൂട്ടിന്റെ വിള പരിപാലനം** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. https://www.facebook.com/SametiKeralaExtensionChannel/live/ എന്ന ഫേസ്ബുക്ക് പേജിൽ പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

9. തിരുവനന്തപുരം കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (27.08.2021) 11 മണിക്ക് **തേങ്ങയുടെ മൂല്യവർദ്ധിത ഉൽപന്നങ്ങൾ** എന്ന **വിഷയത്തിലും വൈകിട്ട് 7 മണിക്ക് ഹൈഡ്രോപോണിക്സ് തീറ്റപ്പുൽ കൃഷി** എന്ന വിഷയത്തിലും ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9400288040** എന്ന നമ്പരിൽ ബന്ധപ്പെടുക.

10. **ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ** ഇന്ന് (27.08.2021) **ടർക്കി വളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും പേര് രജിസ്റ്റർ ചെയ്യുന്നതിനുമായി 0484 2631355 എന്ന ഫോൺ നമ്പരിൽ വിളിയ്ക്കുകയോ **9188522708**.എന്ന വാട്സ് ആപ്പ് നമ്പരിൽ സന്ദേശ മയയ്ക്കുകയോ ചെയ്യാവുന്നതാണ്.

11. ഹോർട്ടികോർപ്പ് ഈ മാസം മുപ്പത്തി ഒന്നു മുതൽ ആവോലി കൃഷി ഭവൻ പരിധിയിൽ വച്ച് മൂന്ന് ദിവസത്തെ സമഗ്ര തേനീച്ച വളർത്തൽ സംരംഭകത്വ പരിശീലന ക്യാമ്പ് സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ 9447910989 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

## കാർഷിക നിർദ്ദേശങ്ങൾ

12. മഞ്ഞളിൽ ഇലകരിച്ചിൽ രോഗം നിയന്ത്രിക്കുന്നതിനായി കോൺടാഫ് (ഹെക്സാകൊണാസോൾ) രണ്ട് മില്ലി ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.

13. പയറിൽ ഇലത്തീനിപ്പുഴവിന്റെ ആക്രമണം കാണാനിടയുണ്ട്. പ്രതിവിധിയായി .ക്ലോറാൻട്രാനിലിപ്രോൾ (കൊറാജൻ) 3 മില്ലി പത്ത് ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.